(ഡി) 1997 മാർച്ച് 19-ാം തീയതി കോടതി ഉത്തരവായി. ടി ഉത്തരവ് 19.11.98ൽ ലഭിച്ചു.

(ഇ&എഫ്) 27.2.1991-ലെ തിരുവനന്തപുരം 11 അഡീഷണൽ സബ്കോടതിയുടെ ഉത്തരവ് അനുസരിച്ച് മുഴുവൻ തുകയും കോടതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ 1997 മാർച്ച് 19-ാം തീയതിയിലെ കോടതി ഉത്തരവ് അനുസരിച്ച് നിക്ഷേപ തുക നിലവിലുള്ള ലാന്റ് അക്വിസിഷൻ നിയമമനുസരിച്ച് കൂടുതലായതിനാൽ പ്രസ്തുത വിധിക്കെതിരെ കോടതിയിൽ റെസ്റ്റിറ്റ്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ജി) അറിയാം.

(എച്ച്)&(ഐ) അറിയാം. നാല് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ജെ) മൂന്ന്.

(കെ) എം.എൽ.എ.മാർ വഴി ലഭിക്കുന്ന നിവേദനത്തിന്, നിവേദനം ലഭിച്ചുകഴിഞ്ഞാലുടനെ ഇടക്കാല മറുപടിയും ബന്ധപ്പെട്ട ഓഫീസിൽ നിന്നും നിവേദനത്തിൻമേൽ വിശദമായ റിപ്പോർട്ട് വാങ്ങിയതിനുശേഷം അതിൻമേൽ തീരുമാനമെടുത്ത് അന്തിമ മറുപടിയും നൽകിവരുന്നു.

(എൽ) എം.എൽ.എ. വഴി ലഭിച്ച നിവേദനത്തിന് 1.4.98-ൽ ഇടക്കാല മറുപടിയും 1.3.1999-ൽ വിശദമായ മറുപടിയും റവന്യൂ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്.

(എം) മേൽപ്പറഞ്ഞ റെസ്റ്റിറ്റ്യൂഷൻ പെറ്റീഷൻമേൽ കോടതിയുടെ വിധി ഉണ്ടാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

ലീഗൽ മെട്രോളജി വകുപ്പിന്റെ മിന്നൽ പരിശോധന

73 (2129)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പ് കടകളിലും പെട്രോൾ പമ്പുകളിലും എത്ര മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്;

(ബി) കുറ്റക്കാരെന്ന് കണ്ട എത്ര പേരുടെ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പ് കടകളിൽ ഏകദേശം 98,000 ഉം പെട്രോൾ പമ്പുകളിൽ 1,200 ഉം മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) 496 പെട്രോൾ പമ്പുകളുടെയും 46,061 കടകളുടെയും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ പമ്പുടമകളിൽ നിന്നും 20,10,500 രൂപയും മറ്റു കച്ചവടക്കാരിൽ നിന്ന് 2,40,18,768/- രൂപയും രാജി ഫീസ് ഈടാക്കിയിട്ടുണ്ട്. രാജിഫീസ് അടയ്ക്കാത്ത കുറ്റക്കാർക്കെതിരെ കോടതി നടപടി സ്വീകരിച്ചുവരുന്നു. ഓരോ

LIBRARY ARCHIVES Kerala Legislative Assembly

വർഷവും ഈടാക്കിയ രാജി ഫീസ് സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷം	കേസുകൾ	രാജിഫീസ്
1996-97	17,847	80,69,000/-
1997-98	14,494	78,14,000/-
1998-99	14,216	1,01,45,000/-

സർവ്വേയർ നിയമനത്തിനുവേണ്ട യോഗ്യത

74 (2130)ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയർ തസ്തികയിലേക്കുള്ള നിയമനത്തിന് എന്തെല്ലാം യോഗ്യതകളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) ടി.എച്ച്.എസ്.എൽ.സി.(സർവ്വേ) യോഗ്യതയുള്ളവരെ പരിഗണിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഐ.റ്റി.ഐ യ്ക്ക് തുല്യമായ ടി.എച്ച്.എസ്.എൽ.സി.(സർവ്വേ) പാസ്സായവരെ സർവ്വേയർ തസ്തികയ്ക്ക് പരിഗണിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (1) പൊതുവിദ്യാഭ്യാസ യോഗ്യത :- എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസ്സാകണം.

(2) സാങ്കേതിക വിദ്യാഭ്യാസ യോഗ്യത:-

(1) ഐ.റ്റി.ഐ. സർവ്വെയർ ട്രെയിഡിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ

(2) കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ.യുടെ സർവേയിംഗ് ആന്റ് ലവലിംഗ് (ഹയർ) ഉം ചെയിൻ സർവ്വേ ടെസ്റ്റും പാസ്സായിരിക്കണം. അല്ലെങ്കിൽ

(3) മിലിട്ടറി സർവ്വീസിൽ ആറ് വർഷം സർവേയർ ട്രെയിഡിലുള്ള പരിചയം. മുകളിൽ പറഞ്ഞിട്ടുള്ളവരുടെ അഭാവത്തിൽ ഹയർ സർവെ ടെസ്റ്റ് പാസ്സായവരെയും, ഇവരുടെ അഭാവത്തിൽ ചെയിൻ സർവേ ടെസ്റ്റ് പാസ്സായവരേയും പരിഗണിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചു വരുന്നു. നിവേദനത്തിൻമേൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly